# കാർഷികകാലാവസ്ഥബുള്ളറ്റിൻ - ആലപ്പുഴ ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Alp-34/2025** *ഭരണി ഞാറ്റുവേല* **തീയതി: 29.04.2025 മേടം 16**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (24/04/25- 28/04/25) | കാലാവസ്ഥ പ്രവചനം (30/04/25 - 04/05/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 34.6 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 23.6 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 64-നും 94-നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 4 കിലോമീറ്റർ വരെയുമായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ കാലയളവിൽ 32.2 mm മഴ ലഭിച്ചു | ആലപ്പുഴ ജില്ലയിൽ വരുന്ന ദിവസങ്ങളിൽ ചൂടും ഈർപ്പമേറിയതുമായ കാലാവസ്ഥയ്ക്ക് സാധ്യത. ഒറ്റപെട്ടയിടങ്ങളിൽ ഉച്ചക്ക് ശേഷം ഇടിയോടുകൂടിയ മഴയ്ക്കും കാറ്റിനും സാദ്ധ്യത, ഈ ആഴ്ച പരമാവധി താപനില 33.0$^{0}$C ഉം കുറഞ്ഞ താപനില 27.0$^{0}$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 83% നും 92% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 2-4 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | താപനില ഉയരാൻ സാദ്ധ്യതയുണ്ട്. ഉച്ചയ്ക്ക് 11 മുതൽ 3 വരെ നേരിട്ട് സൂര്യപ്രകാശമേൽക്കാതെ ശ്രദ്ധിക്കുക. ജലസേചനം തുടരേണ്ടതാണ്. |
| **വാഴ** | വളർച്ചാ ഘട്ടം | നേന്ത്ര വാഴയുടെ കുലകൾ രൂപപ്പെടുന്നത് ഈ മാസത്തിലാണ്. കുലകളുടെ രൂപീകരണത്തിനും വളർച്ചക്കും വേണ്ടി ആവശ്യാനുസരണം ജലസേചനം നൽകുക. |
| **തെങ്ങ്** | വളർച്ചാ ഘട്ടം | വരണ്ട കാലാവസ്ഥ നിലനിൽക്കുന്നതിനാൽ തെങ്ങിന് ആവശ്യാനുസരണം ജലസേചനം കൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാ ജലസേചനത്തിലൂടെ ജല നഷ്ടം ഒരു പരിധിവരെ കുറയ്ക്കാനാകും. ചൂടിൽ നിന്നും സംരക്ഷിക്കാൻ തെങ്ങിന്റെ തടയിൽ പുതയിടുക. |
| **വള്ളിപയർ** | വളർച്ചാ ഘട്ടം | ചൂട് കൂടിയ അന്തരീക്ഷസ്ഥിതി തുടരുന്ന കാരണം പയറിൽ ഇലപ്പേൻ,മുഞ്ഞ,വെള്ളീച്ച എന്നി നീരൂറ്റിക്കുടിക്കുന്ന പ്രാണികളുടെ ഉപദ്രവം കൂടാൻ ഇടയുള്ളതിനാൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ ഇലയുടെ മുകളിലും അടിയിലും വീഴത്തക്കവണ്ണം രണ്ടാഴ്ച ഇടവിട്ട് തളിച്ചു കൊടുക്കുക. |
| **ചീര** | വളർച്ചാ ഘട്ടം | ചീരയിൽ ഇല തീനി പുഴുക്കളെ നിയന്ത്രിക്കാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക |
| **മുളക്** | വളർച്ചാ ഘട്ടം | മുളകിൽ വെള്ളീച്ചയുടെ ആക്രമണം തടയാൻ 2 % വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിച്ച് കൊടുക്കുക. |